ജയ്ഹിന്ദ് എൽപിസ്കൂൾ
വരദൂര്

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

Scanned with CamScanner

# ആമുഖം

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി രൂപം കൊണ്ട പദ്ധതിയാണ് "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി". അതുകൊണ്ടുതന്നെ 2025-26 അക്കാദമിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മ വർഷമായാണ് പരിഗണിക്കുന്നത്. ഇതിന്റെ ഭാഗമായി വാളാട് ജയ്ഹിന്ദ് എൽ.പി സ്കൂൾ 2025-26 വർഷം സമഗ്ര ഗുണമേന്മ ഉറപ്പാക്കുന്നത് ഊന്നിയുള്ള അക്കാദമിക പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകിയിരിക്കുന്നത്.

വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശം എന്ന നിലയിൽ എല്ലാ തരത്തിലുമുള്ള പിന്തുണയോടെ ഈ സ്ഥാപനത്തെ സന്തോഷപ്രദവും അർത്ഥവത്തും, കുട്ടികളിൽ താൽപര്യമുണർത്തുന്നതുമായ ഒരു അറിവുനിർമ്മാണ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഇത്തവണത്തെ സ്കൂൾ തല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്.

പാഠ്യപദ്ധതി അനുശാസിക്കുന്ന രീതിയിലൂടെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തനാധിഷ്ഠിത പഠനത്തിനും അടിസ്ഥാന സാക്ഷര്യ വികസനത്തിനും 2025 26 മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

Scanned with CamScan

## സ്കൂൾ വിവരങ്ങളും പശ്ചാത്തലവും:-

വയനാട് ജില്ലയിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നായ വാളാട് ഈസ്റ്റ് എൽ പി സ്കൂൾ 1951 ൽ ആണ് സ്ഥാപിതമായത്. ശ്രീ ഗോപാലൻ നമ്പ്യാർ ആയിരുന്നു സ്ഥാപക മാനേജർ. 1958 ൽ ശ്രീ കമ്മന അനന്തൻനായർ ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റ് സ്ഥാനം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ എം ഗോപാലൻനായർ ഈ വിദ്യാലയ മാനേജരായി. തുടർന്ന് കുറച്ചു കാലം ശ്രീ കുറ്റിവയൽ ശങ്കരൻനായരും അദ്ദേഹത്തിന്റെ നിര്യാണശേഷം ശ്രീ എം നാരായണൻ മാസ്റ്ററും മാനേജരായി തുടരുന്നു.

നിലവിൽ ഈ വിദ്യാലയത്തിൽ 7 അധ്യാപകരും ഒരു മെന്റർ ടീച്ചറും സേവനമനുഷ്ഠിക്കുന്നുണ്ട്. ശ്രീ അനന്തപ്രകാശ് സി പ്രധാനാധ്യാപകനും ശ്രീ അബ്ദുൾ സമദ് പി.ടി.എ പ്രസിഡന്റുമാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വളരെ നല്ല നിലവാരമാണ് ഈ വിദ്യാലയം പുലർത്തുന്നത്. ഉപജില്ലാ കലാകായിക മത്സരങ്ങളിൽ വിദ്യാലയത്തെ പ്രതിനിധീകരിച്ച് കുട്ടികൾ പലയിനം മത്സരങ്ങളിൽ പങ്കെടുക്കുകയും വിദ്യാലയം മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യു. തുടർച്ചയായി ഓരോ വർഷവും വിദ്യാലയത്തിലെ കുട്ടികൾ എൽ എസ് എസ് പരീക്ഷയിൽ നല്ല പ്രകടനം കാഴ്ചവയ്ക്കുകയും സ്കോളർഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്.

# മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ

സമഗ്രമായ വിദ്യാർത്ഥി വികസനത്തിനും സ്കൂളിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടി മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. ഇത് വിദ്യാഭ്യാസ മികവിനായുള്ള കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നതാണ് ഉദ്ദേശവും സുപ്രധാനമായ ലക്ഷ്യം. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകുന്നു. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ആശയം മുൻനിർത്തി കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകാൻ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. വിദ്യാർത്ഥി ശാക്തീകരണവും സാമൂഹിക വികസനവും ലക്ഷ്യമിട്ട് അച്ചടക്കബോധം ഉള്ളവരാക്കി ഉത്തരവാദിത്വ-മായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിന് ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ നടത്തും. ഇതിനായി വ്യത്യസ്ത മേഖലയിൽ കഴിവുതെളിയിച്ച വിദഗ്ധരുമായി സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കും. വിദ്യാലയത്തിൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം നടപ്പാക്കും. ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് എന്നിവ കർശനമായി നടപ്പാക്കി ഹരിത വിദ്യാലയം എന്ന പേര് നിലനിർത്തും. പഞ്ചായത്തിലെ തന്നെ ലഹരിവിമുക്ത വിദ്യാലയമായി പ്രഖ്യാപിച്ചതിനാൽ ആ പേരും നിലനിർത്തിക്കൊണ്ട് മുന്നേറും.

Scanned with CamScanner

വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ

സ്കൂൾ പ്ലാൻ നയ അക്കാദമിക, പാഠ്യേതര മേഖലകളിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടാൻ ആസൂത്രണം ചെയ്യുന്ന

ഭാഷാവികസനം:-

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. എല്ലാവരും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നുണ്ടെന്ന് ഉറപ്പാക്കുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്:-

* എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയ വിനിമയത്തിന് പ്രാപ്തരാക്കുക.
* സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
* സ്വതന്ത്രമായ രചനകൾക്കുള്ള അവസരങ്ങൾ ഒരുക്കുക.

പരിസരപഠനം:-

* ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
* ശാസ്ത്രത്തിലെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* ശാസ്ത്രീയ താൽപര്യങ്ങൾ വളർത്തുക.

Scanned with CamScanner

സാമൂഹികാവബോധം

* സമൂഹം എന്താണെന്ന് തിരിച്ചറിയുക

* സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തമാക്കുക.

* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവയിൽ പങ്കെടുക്കുക.

ഗണിതം :-

* അടിസ്ഥാന ഗണിതക്രിയയിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുക

* ഗണിതത്തെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുക.

* ഓരോ ക്ലാസിലെ കുട്ടികളും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വികസിപ്പിക്കുക.

അറബി

* അറബി പഠിക്കുന്ന എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി അറബി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

* പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.

* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ പ്രാവീണ്യം വർധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ്റൂമിൽ ഒരുക്കുക.

Scanned with CamScanner

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ :-

* കുട്ടികൾ സ്വന്തമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം:

* എല്ലാ കുട്ടികളിലും നിർമാണാത്മക കഴിവുകൾ വികസിപ്പിക്കുക.
* പാഴ്‌വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ പ്രാപ്തരാക്കുക.

## കലാകായികം, ആരോഗ്യം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക, വികസിപ്പിക്കുക.
* ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുക.
* എല്ലാ കുട്ടികളുടെയും ശാരീരികക്ഷമത ഉറപ്പാക്കുക
* കുട്ടികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക.
* സ്കൂളിനെ മാലിന്യമുക്തവും ഹരിതാഭവുമാക്കി പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുക.

# അക്കാദമിക പ്രവർത്തനങ്ങൾ

1. ഗൃഹസന്ദർശനം:- കുട്ടിയെയും കുട്ടിയുടെ കുടുംബ പശ്ചാത്തലവും നേരിട്ടറിയുന്നതിന് എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു.

പ്രവർത്തനങ്ങൾ

1. SRG ചർച്ച.
2. PTA ചർച്ച.
3. ഗൃഹസന്ദർശന വിവരശേഖരണം
4. അവലോകനം
5. തുടർപ്രവർത്തനങ്ങൾ നിശ്ചയിക്കൽ

2. ക്ലാസ് PTA : കാര്യക്ഷമമായ പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് അധ്യാപകരും രക്ഷിതാവും തമ്മിലുള്ള നിരന്തരമായ സമ്പർക്കവും കൂട്ടായ ചർച്ചയും അനിവാര്യമാണ്.

പ്രവർത്തനങ്ങൾ

1. എല്ലാ മാസവും CPTA (രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം)
2. CPTA യിൽ ഓരോ ക്ലാസിലെയും, ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങളെക്കുറിച്ച് അവലോകനം
3. പിന്നോക്കക്കാരായ കുട്ടികൾക്കുള്ള പഠന പിന്തുണ ഉറപ്പാക്കൽ
4. ദിനാചരണങ്ങളെക്കുറിച്ച് അവലോകനം.

Scanned with CamScanner

## (iii) SRG

1. ആഴ്ചയിൽ ഒരു ദിവസം HMന്റെ നേതൃത്വത്തിൽ ഉടക്കാതെ ഒരു മണിക്കൂർ SRG യോഗം (ക്ലാസ് സമയത്തിനു ശേഷം)
2. സ്കൂൾ മേളകൾ ആസൂത്രണം, നിർവ്വഹണം
3. പാഠ്യവിഷയങ്ങൾ, ശേഷികൾ, പഠനലക്ഷ്യങ്ങൾ ചർച്ച.
4. പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തുന്നു.
5. അവലോകനം, തൽസമയ മിനിറ്റ്സ് രേഖപ്പെടുത്തലുകൾ.

## (iv) SSG

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുസമൂഹത്തിലെ വിദഗ്ധരായ ആളുകളുടെ സഹായവും പിന്തുണയും ഉറപ്പ് വരുത്തുക.

1. SRGയിൽ ചർച്ച.
2. വിവിധ മേഖലകളിലെ വിദഗ്ധരുടെ LIST തയ്യാറാക്കൽ
3. SSG രൂപീകരണം
4. ചർച്ച, തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം.

## (v) പ്രവേശനോത്സവം.

* സ്കൂളിലെത്തുന്ന നവാഗതരെ സ്വീകരിക്കൽ
* പരിചയപ്പെടൽ (ആശയവിനിമയശേഷി)
* കഥ, പാട്ട് അവതരണം (സർഗ്ഗാത്മകത, സാമൂഹിക ബന്ധങ്ങളുടെ തുടക്കം).

Scanned with CamScan

VI പ്രീ ടെസ്റ്റ്:-

രണ്ട് മുതൽ 4 വരെ ക്ലാസുകളിൽ പഠനത്തിൽ പിന്നോക്കം നേരിടുന്നവരെയും കൂടുതൽ പിന്തുണ ആവശ്യമുള്ളവരെയും കണ്ടെത്താനായി ചില ചോദ്യങ്ങൾ ഉൾപ്പെടുത്തി വിഷയാടിസ്ഥാനത്തിൽ pre test സംഘടിപ്പിക്കുന്നു.

* ചോദ്യപേപ്പർ തയ്യാറാക്കൽ
* എഴുത്തുപരീക്ഷ
* മൂല്യനിർണ്ണയം
* പിന്നോക്കക്കാരെ കണ്ടെത്തൽ.

VII ഞാനും വായിക്കും ഞാനും എഴുതും.

ക്ലാസിലെ പഠന പിന്നോക്കക്കാരെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനും പഠനനേട്ടം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു. ഇതിനു വേണ്ടി ഓരോ ക്ലാസിനും നിശ്ചിത സമയം അധിക പഠനത്തിനായി മാറ്റി വയ്ക്കുന്നു. ഓരോ ക്ലാസിലെയും നിലവാരത്തിന് യോജിച്ച മൊഡ്യൂൾ പ്രകാരം ക്ലാസുകൾ നടത്തുന്നു.

* പ്രീടെസ്റ്റിലൂടെ പിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തുന്നു.
* SRG ചർച്ച.
* മൊഡ്യൂൾ തയ്യാറാക്കുന്നു.
* നിശ്ചിത സമയത്ത് ക്ലാസ് നടത്തുന്നു.
* തുടർപ്രവർത്തനങ്ങൾ നൽകുന്നു.

VIII. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം:-

ജൂൺ 3 മുതൽ 13 വരെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 2 മുതൽ 12 വരെ ക്ലാസുകളിൽ പ്രത്യേക പിരിയഡ്

Scanned with CamScanner

പ്രവർത്തനങ്ങൾ :-

* 1) 3.06.25 പൊതുകാര്യങ്ങൾ
2) 4.06.25 റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
3) 5.06.25 വ്യക്തി ശുചിത്വം
4) 9.06.25 ആരോഗ്യം, വ്യായാമം, കായിക ക്ഷമത
5) 10.06.25 ഡിജിറ്റൽ അച്ചടക്കം
6) 11.06.25 പൊതുമുതൽ സംരക്ഷണം.
7) 12.06.25 പരസ്പര സഹകരണത്തിന്റെ പ്രാധാന്യം
8) 13.06.25 പൊതു ഉപയോഗീകരണം.

* 2 മുതൽ 12 വരെ ക്ലാസുകളിൽ
* ഒരു മണിക്കൂർ വീതം.

IX.

പുസ്തക പരിചയം

ഒന്നാം ക്ലാസിൽ ജൂൺ 19 വായനാദിനം മുതൽ ആരംഭിക്കുന്നു.

* ക്ലാസ് ലൈബ്രറിയിൽ പുസ്തകങ്ങൾ പ്രദർശിപ്പിക്കൽ
* ലഘു വിവരണങ്ങൾ നൽകൽ
* ഒന്നാം ക്ലാസ്
* സാഹിത്യ അഭിരുചി വളർത്താൻ ലക്ഷ്യം.

X സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ഉൾക്കൊണ്ട് ഡയറി എഴുതുന്നു.

* 1, 2 ക്ലാസുകളിൽ
* സ്വതന്ത്രചിന്ത പരിപോഷണം.

Scanned with CamScanner

* ഭാഷാശേഷി വികസനം.
* SRGയിൽ മികച്ച ഡയറി അവതരണം.
* ഉൽപ്പന്നത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു

## XI ക്ലാസ് തല തൽസമയ പത്ര നിർമ്മാണം

* ഒന്നാം ക്ലാസ്
* സ്കൂൾ വാർത്തകളും ക്ലാസ് മുറി വിവരങ്ങളും പങ്കുവയ്ക്കൽ.

## XII പഠനോത്സവം

* ലഘു വ്യവഹാര രൂപങ്ങളുടെ നിർമ്മാണം.
* SRG ചർച്ച
* CPTA യിൽ പ്രവർത്തന പദ്ധതി അവതരണം
* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു.

## XIII പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സംഘടിപ്പിക്കുന്നു. താളബോധത്തിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

* താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും സമാന കവിതകളും ഈണമിട്ട് അവതരിപ്പിക്കുന്നു.
* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

Scanned with CamScanner

## XIV സചിത്രപുസ്തകം

* സംഘടിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കാൻ
* എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക്ബുക്കുകൾ ലഭ്യമാക്കുന്നു.
* സംഘടന സാധ്യത ഉറപ്പിക്കുന്നു.

## XV റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണങ്ങൾ എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ അവസരം.

* ഭാവാത്മക വായനയ്ക്കും ശ്രവ്യവായനക്കും സാധ്യത.
* മികച്ച വായനക്കാരായി മുഴുവൻ കുട്ടികളെയും മാറ്റാൻ ശ്രമിക്കുന്നു.
* SRG യിൽ ചർച്ച.

## XVI ഭാഷോത്സവം

മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാക്കുക എന്ന ലക്ഷ്യം. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.

* SRG ചർച്ച.
* മികച്ച രചനകൾ അസംബ്ലിയിൽ അവതരിപ്പിക്കൽ.
* സ്വതന്ത്രരചനയ്ക്ക് കൂടുതൽ അവസരങ്ങൾ.

Scanned with CamScanner

XVII

നാസ് പരീക്ഷ പരിശീലനം.

NAS, നാഷണൽ അച്ചീവ്മെന്റ് സർവ്വേയുടെ ഭാഗമായി നടത്തുന്ന പരീക്ഷകൾക്ക് വേണ്ടി കുട്ടികളെ ഒരുക്കൽ (ക്ലാസ് 3)

* SRG ചർച്ച
* CPTA യിൽ അവതരണം
* ചോദ്യങ്ങൾ തയ്യാറാക്കൽ
* ചർച്ച.

XVIII

പ്രതിമാസ ക്വിസ്.

എല്ലാ ആഴ്ചകളിലും നിശ്ചിത എണ്ണം ചോദ്യങ്ങൾ തയ്യാറാക്കി, ചോദ്യോത്തരങ്ങൾ കുട്ടികൾക്ക് നൽകുന്നു. മാസത്തിലൊരിക്കൽ ക്വിസ് നടത്തുന്നു.

* SRG ചർച്ച
* CPTA യിൽ അവതരണം
* ചോദ്യോത്തരങ്ങൾ തയ്യാറാക്കൽ
* കുട്ടികളുടെ നിലവാരവും മുന്നറിവും മുൻനിർത്തിയുള്ള ചോദ്യങ്ങൾ
* ക്വിസ് നടത്തുന്നു. (ക്ലാസ് തലം).

XIX

പതിപ്പ്

* കുട്ടികളുടെ സർഗാത്മക രചനകളെ ക്ലാസ് തലത്തിൽ ശേഖരിക്കുന്നു.
* editing നടത്തുന്നു. പ്രകാശനം ചെയ്യുന്നു.

## XX ശുചിത്വ വിദ്യാലയം.

വ്യക്തിശുചിത്വവും പരിസ്ഥിതി സൗഹൃദവുമായ വിദ്യാലയ അന്തരീക്ഷം ഉറപ്പുവരുത്തുക.

* ശുചിത്വ സേന രൂപീകരണം
* ചുമരലാ വിജ്ഞാനം
* ദിവസേനയുള്ള ശുചീകരണ പ്രവർത്തനങ്ങൾ
* പ്ലാസ്റ്റിക് നിരോധനം.

## XXI

ഉച്ചഭാഷിണി വായന.

* ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടി ഓരോ ക്ലാസിൽ നിന്നും വായിക്കുന്നു.
* അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു.
* ജൂൺ മാസം തുടങ്ങി മാർച്ചിൽ അവസാനിക്കുന്നു.

## XXII

ക്ലാസ് തല പതിപ്പുകൾ

* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക ലക്ഷ്യം.
* വിദ്യാലയ വിശേഷങ്ങളും ക്ലാസിലെ വിവരങ്ങളും പങ്കുവച്ചുകൊണ്ട്.

## XXIII ഉച്ചഭാഷിണി വായന (അറബി)

* ഒരുദിനം ഒരുകുട്ടി അറബി റീഡിംഗ് കാർഡ് വായന.
* വായിക്കാൻ പ്രാപ്തനാക്കുന്നു.

Scanned with CamScanner

# 2025 - 2026 അധ്യയന വർഷത്തെ ദിനാചരണങ്ങൾ

| തിയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 5 | പരിസ്ഥിതി ദിനം | പരിസ്ഥിതി ദിന സന്ദേശം നൽകൽ മരത്തൈ നടൽ, പോസ്റ്റർ നിർമ്മാണം പരിസ്ഥിതി ദിന ക്വിസ്, ബോധവൽക്കരണ ക്ലാസ്. |
| ജൂൺ 12 | ബാലവേല വിരുദ്ധ ദിനം | ബാലവേലയ്ക്കെതിരെ അസംബ്ലിയിൽ സന്ദേശം. |
| ജൂൺ 19 | വായന ദിനം | ക്ലബുകളുടെ ഉദ്ഘാടനം, ലൈബ്രറി ക്രമീകരണം, പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, വായനക്വിസ് പി. എൻ പണിക്കരെ പരിചയപ്പെടുത്തൽ. |

Scanned with CamScan

| | | |
|---|---|---|
| ജൂൺ 26 | ലഹരി വിരുദ്ധദിനം | ലഹരി ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണ ക്ലാസ്, സുംബാ ഡാൻസ് പരിശീലനം, പ്രതിജ്ഞ (ലഹരിക്കെതിരെ), പോസ്റ്റർ നിർമ്മാണം |
| ജൂലായ് 5 | ബഷീർ ചരമദിനം | വൈക്കം മുഹമ്മദ് ബഷീറിനെ പരിചയപ്പെടൽ, കൃതികൾ, കഥാപാത്രങ്ങൾ എന്നിവരെ പരിചയപ്പെടൽ. കഥാപാത്ര ആവിഷ്ക്കാരം |
| ജൂലായ് 21 | ചാന്ദ്രദിനം | ചന്ദ്രനെ അറിയാം, ചാന്ദ്രദിന ക്വിസ്, പോസ്റ്റർ നിർമ്മാണം, പതിപ്പ് തയ്യാറാക്കൽ |
| ആഗസ്റ്റ് 6 | ഹിരോഷിമ ദിനം | അസംബ്ലി, യുദ്ധവിരുദ്ധ പോസ്റ്റർ, യുദ്ധവിരുദ്ധ പ്രതിജ്ഞ |

Scanned with CamScan

| | | |
|---|---|---|
| സെപ്റ്റംബർ 16 | ഓസോൺ ദിനം | ഓസോൺ ദിനം, ഓസോൺ സംരക്ഷണത്തെക്കുറിച്ച് ചർച്ച, പോസ്റ്റർ നിർമ്മാണം ക്വിസ് |
| നവംബർ 1 | കേരളപ്പിറവി | കേരള ഭൂപടം പരിചയപ്പെടുന്നു. മലയാള ഭാഷയുടെ പ്രാധാന്യം ചർച്ച, കേരളത്തിലെ വിവിധ കലാരൂപങ്ങളെ പരിചയപ്പെടുന്നു. |
| നവംബർ 14 | ശിശുദിനം | ശിശുദിന റാലി, ക്വിസ്, പൊതുയോഗം, പായസവിതരണം, പോസ്റ്റർ നിർമ്മാണം, കലാപരിപാടികൾ. |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | ഗാന്ധിജിയെ പരിചയപ്പെടൽ, ഗാന്ധി വചനങ്ങൾ പ്രദർശനം. ക്വിസ് പതിപ്പ്, സേവനദിനം പോസ്റ്റർ നിർമ്മാണം. |

Scanned with CamScan

| | | |
|---|---|---|
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | ബോധവൽക്കരണം. |
| ജനുവരി 26 | റിപ്പബ്ലിക്ക് ദിനം | അസംബ്ലി, റിപ്പബ്ലിക്ക്ദിന സന്ദേശം, പ്രസംഗം, ക്വിസ്, ദേശഭക്തി ഗാനാലാപനം, കലാപരിപാടികൾ, മധുരവിതരണം. |
| ജനുവരി 30 | രക്തസാക്ഷിദിനം | മൗനപ്രാർത്ഥന |

Scanned with CamScanner